LIBRARY ARCHIVES Kerala Legislative Assembly

കേരള ബാങ്കിന്റെ ആധുനീകരണം

30 (*330) ശ്രീ. പി. ടി. എ. റഹീം:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. ആന്റണി ജോൺ:

ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) വിവിധ പ്രതിസന്ധിഘട്ടങ്ങളിൽ സംസ്ഥാന സർക്കാരിന് കൈത്താങ്ങായി വർത്തിച്ച സഹകരണ മേഖലയെ സർക്കാർ പദ്ധതികൾ നടപ്പിലാക്കാൻകൂടി കഴിയുന്ന ഏജൻസിയായി പരിവർത്തനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

വിവിധ പ്രതിസന്ധി ഘട്ടങ്ങളിൽ സംസ്ഥാന സർക്കാരിന് കൈത്താങ്ങായി വർത്തിച്ച സഹകരണ മേഖല നിലവിൽ സർക്കാരിനുവേണ്ടി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്ത് വരുന്നു.

1) കെയർ ഹോം പദ്ധതി-പ്രകൃതി ദുരന്ത ലഘൂകരണം ലക്ഷ്യമിട്ട് സഹകരണ വകുപ്പിന്റെ കീഴിലുള്ള സംഘങ്ങളുടെ സഹായത്തോടെ 2000 ത്തിലധികം വീടുകളുടെ നിർമാണം പൂർത്തികരിച്ചു. കൂടാതെ ഭവന രഹിതർക്ക് ഭവന സമുച്ചയം നിർമ്മിക്കുന്നതിന് പദ്ധതി അംഗീകരിച്ച് നടപ്പാക്കി വരുന്നു.

2) തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കൽ- സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികൾ സഹകരണ മേഖല വഴി നടപ്പിലാക്കുന്നുണ്ട്. നൂറ് ദിന കർമ്മ പദ്ധതിയുടെ ഭാഗമായി 19536 തൊഴിലവസരങ്ങൾ വിവിധ വായ്പ പദ്ധതികളിൽകൂടി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ രണ്ടാംഘട്ടത്തിൽ 10000 തൊഴിലവസരങ്ങൾ നൽകാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

3) CMHLS (മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പ) പദ്ധതി പ്രകാരം സ്വയം സഹായ സംഘങ്ങൾക്ക് 4 ലക്ഷം രൂപ വരെ ഗ്രൂപ്പ് വായ്പകൾ അനുവദിച്ചിരുന്നു.

4) നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റൈസ് മില്ലുകൾ ആരംഭിക്കുന്ന പദ്ധതി അംഗീകരിച്ച് നടപ്പാക്കി വരുന്നു.

5) ഓൺലൈൻ വിദ്യഭ്യാസത്തിന് സഹകരണ വകുപ്പിന്റെ ഇടപെടലുകളുടെ ഭാഗമായി വിദ്യാതരംഗിണി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

6) കെ.എസ്.ആർ.ടി.സി. പെൻഷൻ-2018 ഫെബ്രുവരി മാസം മുതൽ വിരമിച്ച കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള പെൻഷൻ വിതരണം സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് തെരഞ്ഞെടുത്ത പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്ത് വരുന്നു.

7) സാമൂഹിക സുരക്ഷ പെൻഷൻ- സാമൂഹ്യ സുരക്ഷാ പെൻഷൻ സർക്കാർ തലത്തിൽ സുഗമമായി നടത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ ലിമിറ്റഡ് കമ്പനിക്ക് പെൻഷൻ വിതരണത്തിനുള്ള തുക സമാഹരിക്കുന്നതിലേക്ക് പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ, മറ്റ് പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടുന്ന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും വകുപ്പിന്റെ കയ്യൊപ്പ് ചാർത്തുന്ന നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്

(ബി) കേരള ബാങ്കിനെയും അതിന്റെ ഘടകങ്ങളായ സംഘങ്ങളെയും സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബാങ്കായി മാറ്റിയെടുക്കാൻ കഴിയുംവിധം ഇവയെ പ്രൊഫഷണൽ രീതിയിൽ ആധുനീകരിക്കാൻ പദ്ധതിയുണ്ടോ?

കേരള ബാങ്കിനെ പ്രൊഫഷണൽ ആക്കുന്നതിന്റെ ഭാഗമായി അംഗീകൃത ട്രെയിനിംഗ് സ്ഥാപനങ്ങൾ മുഖേനയും കൂടാതെ NABARD, RBI, BIRD ക്രമീകരിക്കുന്ന ട്രെയിനിംഗ് പ്രോഗ്രാമുകളിലും ബാങ്കിലെ എല്ലാ വിഭാഗത്തിലുമുള്ള ജീവനക്കാരെയും ഉൾപ്പെടുത്തി ട്രെയിനിംഗുകൾ നൽകിവരുന്നുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മുഴുവൻ ശാഖകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള കോർ ബാങ്കിംഗ് (CBS) നടപ്പാക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ഇതോടൊപ്പം ഡിജിറ്റൽ ബാങ്കിംഗ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. ഇതോടുകൂടി എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യവും ഇടപാടുകാർക്ക് നൽകാൻ പ്രാപ്തമാകും. വ്യത്യസ്ത കോർബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ഓഫീസുകളെ ഒരു ഏകീകൃത കോർ ബാങ്കിംഗ് സംവിധാനത്തിൽ കൊണ്ടുവരികയും ആയതു മുഖാന്തിരം കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഉപയോഗപ്രദമായ രീതിയിൽ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം നടപ്പിൽ വരുന്നതോടു കൂടി RTGS/NEFT, Mobile Banking, IMPS (Immediate Payment

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

System), Internet Banking, UPI (Unified Payment Interface) BBPS (Bharath Bill Payment System) CTS (Cheque Truncation System), ATM, Micro ATM, FAST ag, AEPS (Aadhar Enabled Payment System), E-KYC, CKYC, PFMS (Public Finance Management System) DMR (Digital Member Register), NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങൾ എല്ലാം തന്നെ കേരള ബാങ്കിലൂടെ ലഭ്യമാകുന്നതാണ്. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്വെയർ ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സേവനങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലാണ് ഏകീകൃത സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുള്ളത്.

(സി) എൻ. ആർ. ഐ. നിക്ഷേപം സ്വീകരിക്കുന്നതിനും എൻ. ഇ. എഫ്. റ്റി., ആർ. റ്റി. ജി. എസ്., ഓൺലൈൻ ബാങ്കിംഗ് തുടങ്ങി ന്യൂജനറേഷൻ ബാങ്കുകളോട് കിടപിടിക്കുന്ന തരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കാൻ കേരള ബാങ്കിനെ പ്രാപ്തമാക്കുന്നതിന് പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കുമോ?

എൻ.ആർ.ഐ നിക്ഷേപം സ്വീകരിക്കുന്നതിന് കേരള ബാങ്കിനെ പ്രാപ്തമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഏകീകൃത കോർബാങ്കിംഗ് സംവിധാനം നടപ്പിൽ വരുന്നതോടുകൂടി RTGS/NEFT, Mobile Banking, IMPS(Immediate Payment Interface), Internet Banking, UPI(Unified Payment Interface), BBPS (Bharat Bill Payment System), CTS(Cheque Truncation System), ATM, Micro ATM, FAST ag, AEPS(Aadhaar Enabled Payment System), E-KYC, CKYC, PEMS(Public Finance Management System), DMR(Digital Member Register), NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങൾ എല്ലാം കേരള ബാങ്കിലൂടെ നൽകി ന്യൂജനറേഷൻ ബാങ്കുകളോട് കിടപിടിക്കുന്ന തരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ കേരള ബാങ്കിന്റെ ഓഫീസുകളിൽ RTGS/NEFT, MobileBanking, IMPS(Immediate Payment System), ATM, Micro ATM, NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാണ്.